പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3394 — 19/10/2016 ൽ മറുപടിയ്ക്ക്

## കന്നുകുട്ടി പരിപാലനം

| ചോദ്യം | | മറുപടി |
| --- | --- | --- |
| **ശ്രീ. പി.കെ.ബഷീർ:** | | **അഡ്വ .കെ.രാജു**<br>**(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).** |
| **എ)** സംസ്ഥാനത്ത് കന്നുകുട്ടി പരിപാലന പദ്ധതിയനുസരിച്ച് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദമാക്കുമോ ? | **എ)** | കാഫ് അഡോപ്ഷൻ പ്രോഗ്രാം, ഗോവർദ്ധിനി എന്നീ പദ്ധതികളാണ് കന്നുകുട്ടി പരിപാലന പരിപാടിയിൽ നടപ്പാക്കിയിട്ടുള്ളത്. ഒരു പശുക്കുട്ടിയെ 4-30 മാസം പ്രായം വരെ ശാസ്ത്രീയമായി സംരക്ഷിക്കുന്നതിന് ആവശ്യമായ ചെലവിന്റെ പകുതി, പരിധിയ്ക്ക് വിധേയമായി സർക്കാരിന്റെ വികസന ഫണ്ടിൽ നിന്നും ധനസഹായമായി നൽകുന്ന പദ്ധതിയാണ് ഗോവർദ്ധിനി പദ്ധതി. സമാനമായ ഒരു പദ്ധതിയാണ് കാഫ് അഡോപ്ഷൻ പ്രോഗ്രാം. ഈ പദ്ധതിയിൽ ധനസഹായത്തിന്റെ പകുതി സംസ്ഥാന സർക്കാരും ശേഷിക്കുന്ന പകുതി ഗ്രാമപഞ്ചായത്തുകളും നൽകുന്നു. ഗോവർദ്ധിനി പദ്ധതിയിലെ എൻറോൾമെന്റ് നടപ്പുസാമ്പത്തിക വർഷം പകുതിയോളം പൂർത്തീകരിച്ചിട്ടുണ്ട്. ശേഷിച്ചവ നടന്നുവരുന്നു. ഗ്രാമപഞ്ചായത്തുകളുടെ വിഹിതം ലഭിക്കുന്ന മുറയ്ക്ക് കാഫ് അഡോപ്ഷൻ പ്രോഗ്രാമിലെ എൻറോൾമെന്റ് നടത്തുന്നതാണ്. സംസ്ഥാന തലത്തിൽ ഒരു അഡീഷണൽ ഡയറക്ടറുടെ നേതൃത്വത്തിൽ പ്രത്യേക കന്നുകുട്ടി |

പരിപാലന പരിപാടിയുടെ ആസ്ഥാനം പ്രവർത്തിക്കുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കണ്ണൂർ, കോഴിക്കോട് എന്നീ എട്ട് ജില്ലകളിൽ ഈ പദ്ധതി നടത്തിപ്പിനായി പ്രത്യേകം ജില്ലാതല ഓഫീസുകളും വെറ്ററിനറി സർജന്മാരും നിലവിലുണ്ട്. പത്തനംതിട്ട, ഇടുക്കി, മലപ്പുറം, എറണാകുളം, വയനാട്, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ പ്രാദേശിക സർക്കാർ മൃഗാശുപത്രിയിലെ വെറ്ററിനറി ഡോക്ടർമാരാണ് പദ്ധതി നടപ്പാക്കുന്നത്.

ഈ പദ്ധതിയനുസരിച്ച് നൽകുന്ന സഹായങ്ങൾ ചുവടെ ചേർക്കുന്നു.

1. 4-30 മാസം പ്രായം വരെ ആവശ്യമായി വരുന്ന കന്നുകുട്ടി തീറ്റയുടെ പകുതി വില, പരിധിക്ക് വിധേയമായി ധനസഹായം നൽകുന്നു.
2. പശുക്കുട്ടിയെ 4-32 മാസം പ്രായം വരെ ഇൻഷ്വർ ചെയ്യുന്ന പ്രീമിയം തുകയുടെ പകുതി ധനസഹായം നൽകുന്നു.
3. കർഷകന് ശാസ്ത്രീയ പരിശീലനം നൽകുകയും 100 രൂപ പരിശീലന ബത്ത നൽകുകയും ചെയ്യുന്നു.
4. ആവശ്യമായ വെറ്ററിനറി സഹായം നൽകുന്നു.
5. പുൽകൃഷിക്ക് പ്രോത്സാഹനം നൽകുന്നു.

[signature]

സെക്ഷൻ ഓഫീസർ